# റൗസത്തുൽ ഉലൂം അറബിക്കോളേജ്


പി.മുഹമ്മദ് കുട്ടശ്ശേരി,

കേരളത്തിലെ,വിദ്യാഭ്യാസ മണ്ഡലത്തിൽ ഒരു പുതിയ പുലരിയുടെ തുടക്കമായിരുന്നു റൗസത്തുൽ ഉലൂം അറബിക്കോളേജിൻെറ സംസ്ഥാപനം. പ്രഭാതത്തിൻെറ വിധാതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന മൗലാനാ അബുസ്സബാഹിൻെറ ആഗമനം ഒരു ഇരുണ്ട അദ്ധ്യായത്തിൻെറ അന്ത്യവും, വർണ്ണോജ്ജ്വലമായ ഒരു പുതിയ ചരിത്രത്തിൻെറ തുടക്കവുമായിരുന്നു.

1942 ജനുവരി 5-ാംതീയ്യതി മലപ്പുറത്തിനടുത്തുള്ള ആനക്കയത്ത് ഉദാരമതിയായ കുഞ്ഞാലിക്കുട്ടി ഹാജിയുടെ കെട്ടിടത്തിൽ കോളേജ് ആരംഭിച്ചു. പള്ളി ദർസുകളിൽ ധാരാളം വർഷം ചിലവഴിച്ചശേഷം ഉപരിപഠനത്തിനെത്തിയവരായിരുന്നു വിദ്യാർത്ഥികൾ. കോളേജിന് കൂടുതൽ സൗകര്യം ആവശ്യമായതിനാൽ 1945-ൽ മഞ്ചേരിയിലേക്ക് മാറ്റി. അതേ വർഷം തന്നെ ആദ്യബാച്ച് മദ്രാസ് യൂനിവേഴ്സിറ്റിയിൽ അഫ്സലുൽ ഉലമാ പരീക്ഷക്കിരുന്നു പാസ്സായി. 1945-ൽ തന്നെ ഡോ: അബ്ദുൽ ഹഖ് കമ്മീഷനായി വന്നു പരിശോധന നടത്തി റിപ്പോർട്ടു നല്കിയ്തിൻെറ അടിസ്ഥാനത്തിൽ യൂനിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചു.

1946-ൽ ജ: കെ.എം. സീതി സാഹിബിൻെറ മഹനീയാദ്ധ്യക്ഷതയിൽ കോളേജിൻെറ ഒന്നാമത്തെ വാർഷികയോഗം നടന്നു.

അറബി കോളേജ് കൂടുതൽ സൗകര്യപ്രദമായ ഒരു സ്ഥലത്തേക്കു മാറ്റി വിപുലീകരിക്കാൻ മൗലാനാ തീരുമാനിച്ചു. പരേതനായ അഡ്വക്കേറ്റ് എം.വി. ഹൈദ്രോസ് സാഹിബ്, ഇപ്പോഴത്തെ റൗസത്തുൽ ഉലൂം അസോസിയേഷൻ പ്രസിഡണ്ട് എം. കുഞ്ഞോയി വൈദ്യർ എന്നിവർ കോളേജ് ഇപ്പോൾ നിലകൊള്ളുന്ന സ്ഥലം അതിനായി തെരഞ്ഞെടുത്തു. 1948-ൽ കോളേജിന് വേണ്ടി പുളിയാളി അബ്ദുള്ളക്കുട്ടി ഹാജി



Rouzathul Uloom Arabic (RUA) College : *Mother of Farook College.....*

സംഭാവന ചെയ്ത 22. ഏക്കർ സ്ഥലത്ത് അറബിക് കോളേജ് കെട്ടിടത്തിൻെറ പണിയാരംഭിച്ചു. ഇതിനായി രാജാ അബ്ദുൽ ഖാദർ ഹാജി പതിനായിരം ഉറുപ്പിക സംഭാവന ചെയ്തു.

മുസ്ലിംകൾ മതവിദ്യാഭ്യാസത്തോടൊപ്പം ആധുനിക വിദ്യാഭ്യാസത്തിലും പുരോഗതി നേടണമെന്ന മൗലവി സാഹിബിൻെറ ആഗ്രഹപ്രകാരം 1947 സെപ്തംബർ 17-ന് അദ്ദേഹം റൗസത്തുൽ ഉലൂം ഫസ്റ്റ് ഗ്രേഡ് കോളേജിനുവേണ്ടി അപേക്ഷ സമർപ്പിച്ചു. പിന്നീടു പേർ ഫാറൂഖ് കോളേജ് എന്നാക്കി മാറ്റി. അറബി കോളേജിനു വേണ്ടി നിർമ്മിക്കപ്പെട്ട കെട്ടിടത്തിൽ ആദ്യമായി ഫാറൂഖ് കോളേജ് ആരംഭിച്ചു. കെ. അവറാൻകുട്ടി ഹാജിയുടെ സഹായത്തോടെ അറബി കോളേജിന് സ്വന്തമായ മറ്റൊരു കെട്ടിടം നിർമ്മിക്കപ്പെട്ടു. തുടക്കം മുതലേ കോളേജിനോടനുബന്ധിച്ചു ഹോസ്റ്റലും പ്രവർത്തിച്ചുവന്നു.

ഈജിപ്തിലെ അൽ അസ്ഹർ സർവ്വകലാശാല ബിരുദധാരിയായ മൗലാനാ അബുസ്സബാഹ് അൽ അസ്ഹരിൻെറ ചൈതന്യം ഉൾക്കൊള്ളുന്നതാകണം റൗസത്തുൽ ഉലൂം എന്നാഗ്രഹിച്ചു. അറബിയിലും ഇസ്ലാമിക വിജ്ഞാനങ്ങളിലും പ്രാഗൽഭ്യം നേടിയ പണ്ഡിതന്മാർ ഉയർന്നുവന്നു സമൂഹത്തെ ഉദ്ധരിക്കണമെന്നാണ് അദ്ദേഹം ലക്ഷ്യം വച്ചത്. 1971-ൽ അന്ത്യം സംഭവിക്കുന്നതുവരെയും കോളേജിൻെറ പൂർണ്ണചുമതല അദ്ദേഹം സ്വന്തമായി നിർവ്വഹിച്ചു.

1969-ൽ പ്രിൻസിപ്പാൾ പദവിയിൽനിന്ന് മൗലാനാ റിട്ടയർ ചെയ്തപ്പോൾ അദ്ദേഹത്തിൻെറ ഒന്നാമത്തെ ശിഷ്യനും, ദീർഘകാലം അദ്ദേഹത്തിൻെറ കീഴിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച പണ്ഡിതനുമായ സി.പി. അബൂബക്കർ മൗലവി ആ സ്ഥാനത്തേക്ക് നിയുക്തനായി. 1978-ൽ അദ്ദേഹം പരിഞ്ഞശേഷം ഗ്രന്ഥകാരനും, കവിയും, ആധുനികവും പൗരാണികവുമായ വിജ്ഞാനങ്ങളിൽ പ്രഗൽഭനുമായ എം. മുഹമ്മദു അബുസ്സലാഹ് മൗലവി പ്രിൻസിപ്പാൾ സ്ഥാനമേറ്റെടുത്തു. 1979-ൽ അദ്ദേഹം റിട്ടയർ ചെയ്തശേഷം ഈ ലേഖകൻ പ്രിൻസിപ്പാൾ ആയി. അറബിക്കോളേജ് അദ്ധ്യാപകരിൽ കെ. എം. അബ്ദുൽ കരീം തങ്ങൾ 1981-ൽ റിട്ടയർ ചെയ്തശേഷം 1983-ൽ നിര്യാതനായി.

തുടക്കം മുതലേ റൗസത്തുൽ ഉലൂം അറബി കോളജിന് പ്രഗൽഭന്മാർ ഉൾക്കൊള്ളുന്ന ഒരു മാനേജിംഗ് കമ്മറ്റിയാണുള്ളത്. അബുസ്സബാഹ് മൗലവിയുടെ നിര്യാണ ശേഷം അന്ത്യം വരെ കോളേജിനോട് ആത്മാർത്ഥത കാണിച്ച ഉദാരമതിയായ രാജാ അബ്ദുൽ ഖാദർ ഹാജിയാണ് പ്രസിഡണ്ടു സ്ഥാനം അലങ്കരിച്ചത്. ശേഷം അദ്ദേഹത്തിൻെറ ജാമാതാവും, കോളേജിൻെറ ചരിത്രത്തിൽ എന്നും സ്മരിക്കപ്പെടുന്ന വ്യക്തിയായ കെ. അവറാൻകുട്ടി ഹാജിയുടെ പുത്രനുമായ കെ.സി. ഹസ്സൻകുട്ടി ഹാജി ഭരണസമിതിയുടെ സാരഥ്യം വഹിക്കുന്നു. ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം സ്ഥാപനത്തിന് പല അഭിവൃദ്ധികളും കൈവരുത്തി.

കഴിഞ്ഞ നാലു പതിറ്റാണ്ടുകളിലധികം കാലമായി കോളേജുമായി ഗാഢബന്ധം പുലർത്തിവരുന്ന എം. കുഞ്ഞോയി വൈദ്യർ കോളേജിൻേറയും, ഹോസ്റ്റലിൻേറയും ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്ന മാനേജരായി തുടരുന്നു. ഡോ: ടി.പി. മുഹമ്മദ് അന്ത്യംവരെയും സ്ഥാപനത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന കോളേജ് മാനേജിംഗ് കമ്മറ്റി അംഗമായിരുന്നു. മൺമറഞ്ഞവരിൽ എസ്. ഇമ്പിച്ചിക്കോയ ഹാജി, കെ. അബൂബക്കർ ഹാജി എന്നിവർ ഉൾപ്പെടുന്നു. സി.കെ. ആലിക്കോയ ഹാജി, പി.പി. അബൂബക്കർ കോയ, കെ. കുഞ്ഞിമുഹമ്മദ് (മാനു ഹാജി), പ്രൊഫ: വി. മുഹമ്മദ് സാഹിബ്, പി.എ. ലത്തീഫ് തുടങ്ങിയവർ നിലവിലുള്ള കമ്മറ്റി ഭാരവാഹികളിൽ ഉൾപ്പെടുന്നു.

അഫ്സലുൽ ഉലമാ കോഴ്സിനു ബിരുദാനന്തര പഠനം ഏർപ്പെടുത്തുക അറബിഭാഷാ പ്രേമികളുടെ ചിരകാലാഭിലാഷമായിരുന്നു. 1984-ൽ റൗസത്തുൽ ഉലൂം അറബി കോളേജിൽ കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെയും, കേരള സർക്കാറിൻെറയും അംഗീകാരത്തോടെ 'മുതഖസ്സി സുൽ ആദാബ്' (post Afzal-ul-ulama) എന്നു നാമകരണം ചെയ്യപ്പെട്ട ഈ കോഴ്സ് ആരംഭിച്ചു. ഇന്ത്യയിൽ ത്തന്നെ ഇത്തരം ഒരു കോഴ്സ് ഇപ്പോൾ ഈ കോളേജിൽ മാത്രമാണുള്ളത്.
ക്കൽ അറബിക് ലിറ്ററേച്ചറിലും മോ
അറബിക് ലിറ്ററേച്ചറിലുമുള്ള സ്പെ
സേഷനാണ് ഈ കോഴ്സ്. ഒന്നാ
ബാച്ച് 1987-ൽ പുറത്തിറങ്ങി. കോ
പഠിക്കുന്നവർക്ക് കോളേജുവക ഫെ
പ്പ് നല്കുന്നു.

1987-ൽ 'അസ്ഹാർഹോസ്റ്റൽ' എ
രിൽ പുതിയ കെട്ടിടത്തിൽ വനിതാ
റ്റൽ ആരംഭിച്ചു. ആൺകുട്ടികൾ
ഹോസ്റ്റലിൽ ഭക്ഷണ ചിലവിൻെ
ഭാഗം മാനേജിംഗ് കമ്മിറ്റി വിദ്യാർ
ക്കു സൗജന്യമായി നല്കുന്നു.

റൗസത്തിലെ അദ്ധ്യാപകരെല്ലാം
രും, വിവിധ മണ്ഡലങ്ങളിൽ സേവ
അർപ്പിച്ചുകൊണ്ടിരിക്കുന്നവരുമാണ്.
പേർ വിദേശ യൂനിവേഴ്സിറ്റിയിൽനി
രുദം നേടിയവരും നാലുപേർ അഫ്
ഉലമാക്കു പുറമേ മാസ്റ്റർ ഡിഗ്രി
വരും ഒരാൾ ബിരുദാനന്തര അഫ്
ഉലമ പാസായ ആളുമാണ്. ഇപ്പേ
അദ്ധ്യാപകരും, 7 ക്ലാസ്സുകളും, 20
വിദ്യാർത്ഥികളുമാണുള്ളത്. സാമാന
ഒരു ലൈബ്രറിയും കോളേജിനുണ്ട്.

കോളേജിലെ എൻ.എസ്.എസിന്
ക്കറ്റ് യൂനിവേഴ്സിറ്റിയിലെ ഏറ്റവു
യൂണിറ്റിനുള്ള മെരിറ്റ് സർട്ടിഫിക്കറ്റ്
ട്ടുണ്ട്. യൂനിവേഴ്സിറ്റി ഇൻറർ
കലോത്സവത്തിൽ 1988-ൽ
ഒന്നാം സ്ഥാനം നേടി ട്രോഫി ക
ക്കി.

കേരളത്തിൽ യൂനിവേഴ്സിറ്റിയു
സർക്കാരിൻെറയും അംഗീകാരം ല
ആദ്യത്തെ അറബിക്കോളേജ്, ഫാറൂ
ളേജിന് മാതൃത്വം വഹിച്ച ക
ആദ്യം ഉടലെടുത്ത സ്ഥാപനം,
ലെ ഏക പോസ്റ്റ് ഗ്രാജേറ്റ് അറ
ളേജ് എന്നീ നിലയ്ക്കെല്ലാം റൗ
ഉലൂമിന് ചരിത്രത്തിൽ പ്രത്യേക
മുണ്ട്. എങ്കിലും പ്രശ്നങ്ങളുണ്ട്.
തതകൾ പലതും പരിഹരിക്കാൻ
യാണ്. അഭിവൃദ്ധികൾ പലതും പ
ത്തും കൈവരിക്കാനുണ്ട്. റൗസത്
ത്യകാ അറബിക്കോളേജായി ശോ

ആത്മാർത്ഥശ്രമവും സാമ്പത്തി
യും കൂടിയേ തീരൂ. സർവ്വശക്തൻ
ഹിക്കട്ടെ!